# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2487 | 09-12-2014-ൽ മറുപടിക്ക്

## ഇൻകുബേറ്റർ സെന്ററുകൾ

**ചോദ്യം**

ശ്രീ. പി.തിലോത്തമൻ
ശ്രീ. ചിറ്റയം ഗോപകുമാർ
ശ്രീ. വി.ശശി
ശ്രീമതി. ഗീതാ ഗോപി

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

**(എ)** സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കായി വ്യവസായ വികസന കോർപ്പറേഷൻ ഇൻകുബേറ്റർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു ; മൊത്തം എത്ര സെന്ററുകൾ ആണ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത് ; അവ എവിടെയെല്ലാം ;

**(എ)** കെ.എസ്.ഐ.ഡി.സിയുടെ നേതൃത്വത്തിൽ പുതു സംരംഭകർക്കായി വിവിധ സ്ഥലങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ തുടങ്ങാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ആദ്യത്തെ ഇൻകുബേഷൻ സെന്റർ കൊച്ചി കിൻഫ്രാ പാർക്കിൽ 2014 നവംബർ മാസം 13-ാം തീയതി പ്രവർത്തനം ആരംഭിച്ചു. ഇതു കൂടാതെ, അങ്കമാലിയിൽ INKEL Tower, കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രം, തിരുവനന്തപുരത്ത് ലൈഫ് സയൻസ് ഇൻക്യുബേറ്റർ എന്നീ പുതിയ ഇൻക്യുബേറ്ററുകൾ തുടങ്ങാൻ കെ.എസ്.ഐ.ഡി.സി, നടപടി എടുത്തിട്ടുണ്ട്.

**(ബി)** പ്രസ്തുത സെന്ററുകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

**(ബി)** പുതിയ സംരംഭകർക്ക് വിവിധ മേഖലകളിലുള്ളവരുടെ ആശയങ്ങൾ പ്രാവർത്തികമാക്കാനുള്ള അവസരമാണ് കെ.എസ്.ഐ.ഡി.സി നൽകുന്നത്. ഇതിനു വേണ്ടി

അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ സ്ഥലവും അനുബന്ധ സഹായവും ലഭ്യമാക്കുന്നതാണ്.

**(സി)** ഏതെല്ലാം തരം വ്യവസായങ്ങൾക്കാണ് ഈ സെന്ററുകൾ പ്രാമുഖ്യം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ?

**(സി)** കാക്കനാട് കിൻഫ്രാ പാർക്കിൽ തുടങ്ങിയിരിക്കുന്ന ഇൻകുബേഷൻ സെന്ററിൽ ഇൻഫർമേഷൻ ടെക്നോളജിയ്ക്കും, ഇലക്ട്രോണിക്സിനും പ്രാമുഖ്യം നൽകും, അങ്കമാലിയിലെ ഇൻകെൽ ടവറിലും, കോഴിക്കോട് വ്യവസായ വളർച്ചാ കേന്ദ്രത്തിലും തുടങ്ങാനിരിക്കുന്ന ഇൻകുബേഷൻ സെന്ററുകളിൽ നാളികേര അനുബന്ധ വ്യവസായങ്ങൾക്കും മറ്റു ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കും, തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കിൽ തുടങ്ങാനിരിക്കുന്ന ഇൻകുബേറ്ററിൽ ലൈഫ് സയൻസ് അനുബന്ധ വ്യവസായങ്ങൾക്കുമാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ